III.ഇ.ബി./XII-കേരള നിയമസഭ/II-11.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഒക്ടോബർ 6, വെള്ളി**

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*361 & * 362) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. ശ്രദ്ധ ക്ഷണിക്കൽ

(1) മീനച്ചിൽ നദീതടപദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. തോമസ് ചാഴികാടൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

(2) ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.കെ.പി. മോഹനൻ വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

III. സബ്മിഷൻ

(1) കശുവണ്ടിത്തൊഴിലാളികളുടെ മിനിമംകൂലി വർദ്ധിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് നടപ്പാക്കാത്തതിനെത്തുടർന്നുള്ള ഉപവാസ സമരത്തെ സംബന്ധിച്ച് ശ്രീ.കെ.ബി. ഗണേഷ്കുമാർ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(2) കോട്ടയത്ത് പാമ്പാടിയിൽ സ്വർണ്ണവ്യാപാരികളെ കൊള്ളയടിച്ച പ്രതികളെ യഥാസമയം പിടികൂടിയ പോലീസുകാർക്ക് പാരിതോഷികം നൽകേണ്ടത് സംബന്ധിച്ച് ശ്രീ.വി.എൻ. വാസവൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) പുനലൂരിൽ സബ്–കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ. രാജു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) മല്ലപ്പള്ളി താലൂക്കിൽ വ്യാപകമായി മോഷണം നടക്കുന്നത് സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) ബേക്കൽകോട്ട കേന്ദ്രീകരിച്ചുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിനെ സംബന്ധിച്ച് ശ്രീ.കെ.വി.

കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കൊല്ലങ്കോട് മണ്ഡലത്തിലെ ഗോവിന്ദപുരം-മംഗലം ഇന്റർസ്റ്റേറ്റ് റോഡിന്റെ പണി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ.വി. ചെന്താമരാക്ഷൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(7) മലപ്പുറം കോട്ടക്കുന്ന് ടൂറിസം വികസന പദ്ധതി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ.എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽനിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നത് സംബന്ധിച്ച് ശ്രീ.എ.എ. അസീസ് ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(9) കാസർഗോഡ് ജില്ലയിൽ യക്ഷഗാന കലാക്ഷേത്രം ആരംഭിക്കണമെന്നത് സംബന്ധിച്ച് ശ്രീ.സി.എച്ച്. കുഞ്ഞമ്പു ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക-കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി പഞ്ചായത്തിലെ തീരപ്രദേശത്തെ എൽ.പി.സ്ക്കൂൾ യു.പി.സ്ക്കൂളാക്കി ഉയർത്തേണ്ടത് സംബന്ധിച്ച് ശ്രീ.കെ. കുട്ടി അഹമ്മദ് കുട്ടി

ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) എസ്.എസ്.എൽ.സി. പരീക്ഷയുടെ സമയദൈർഘ്യം സംബന്ധിച്ച് ശ്രീ.വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും ഇതുസംബന്ധിച്ച് പരാമർശം നടത്തി.)

(12) മഹാകവി ടി. സുബ്രഹ്മണ്യ തിരുമുമ്പിന്റെ സ്മാരക ഭവനത്തോട് കാണിക്കുന്ന അവഗണന സംബന്ധിച്ച് ശ്രീ.കെ. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) കണ്ണൂരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (NIFT) സ്ഥാപിക്കുന്നത് സംബന്ധിച്ച് ശ്രീ.പി. ജയരാജൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(14) പഞ്ചായത്ത് പുറമ്പോക്കു സ്ഥലങ്ങളിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(15) സംസ്ഥാനത്തെ കെ.എസ്.ടി.പി. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരി

ക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(16) കടുത്തുരുത്തി, കുറുവിലങ്ങാട് എന്നിവിടങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി മൽകി.

(17) വയനാട് ജില്ലയിലെ കർഷകർക്ക് കൈവശഭൂമിക്ക് രേഖ നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ.സി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(18) കേരളത്തിലെ മലയോരമേഖലകളിൽ നോൺ റിവർട്ടബിൾ ഫോറസ്റ്റ് ഭൂമിയിൽ താമസിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. രാജാജി മാത്യൂ തോമസ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രിയും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും മറുപടി നൽകി.

(19) വൈപ്പിൻ–മുനമ്പം റോഡിലെ പാലങ്ങൾ പുതുക്കിപ്പണിയുന്നത് സംബന്ധിച്ച് ശ്രീ.എം.കെ. പുരുഷോത്തമൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(20) അച്ചൻകോവിൽ ആറ് ഗതിമാറി ഒഴുകുന്നതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(21) പീരുമേട്ടിലെ തോട്ടം തൊഴിലാളികൾക്ക് വിതരണം ചെയ്ത സൗജന്യറേഷന് ചെലവായ തുക വ്യാപാരികൾക്ക് ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീമതി ഇ.എസ്. ബിജി മോൾ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(22) വാഴൂരിലെ പൊൻകുന്നം ടൗണിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊഫ. എൻ. ജയരാജ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(23) പൊട്ടാഷ് രാസവളം ലഭിക്കാത്തതുമൂലം കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി.കെ.പി. പത്മനാഭൻ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(24) സമാന്തരസർവ്വീസ് വാഹനം മറിഞ്ഞുണ്ടായ അപകടം സംബന്ധിച്ച് ശ്രീമതി ജെ. അരുന്ധതി ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഈ സമ്മേളനം മുതൽ അനൗദ്യോഗിക ബില്ലുകൾ പരിഗണിക്കുമ്പോൾ അതാതു വിഷയവുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭയിലുണ്ടെങ്കിൽ അവർ മറുപടി പറയുമെന്നും അവർ ഹാജരില്ലാത്ത അവസരങ്ങളിൽ

പാർലമെന്ററി കാര്യവകുപ്പുമന്ത്രി മറുപടി പറയുമെന്നും മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ടെന്ന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) ശ്രീ. എം. ഹംസ 2006–ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും കൃഷി വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(2) ശ്രീ. എം. മുരളി 2006–ലെ കേരള വൃദ്ധജന സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(3) ശ്രീ.എം. മുരളി 2006–ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും മുഖ്യമന്ത്രിക്കുവേണ്ടി മറുപടി പറഞ്ഞ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും

തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(4) ശ്രീ.എം. മുരളി 2006–ലെ കേരള കർഷക പെൻഷൻ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും കൃഷി വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തു. പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും).

(2006 ഒക്ടോബർ മാസം 9–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30–ന് പിരിഞ്ഞു.)